# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5620 — 27.10.2011 ൽ മറുപടിയ്ക്ക്

**കാർഷിക വിദ്യാഭ്യാസ വായ്പകൾക്ക് കൂടുതൽ ഇളവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്ക് വായ്പകൾക്ക് ഈടാക്കുന്ന പലിശയിൽ ഇളവുനൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി/കുടിശ്ശിക കുറച്ച് കൊണ്ട് വരുന്നതിനും, വായ്പ തിരിച്ചടച്ച് പ്രോത്സാഹിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കാർഷിക വിദ്യാഭ്യാസ വായ്പകൾക്ക് കൂടുതൽ ഇളവുകൾ നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) കേന്ദ്ര സർക്കാർ നയമനുസരിച്ച് സംസ്ഥാനത്ത് 7% പലിശ നിരക്കിലാണ് ഹ്രസ്വകാല കാർഷിക വിളവായ്പകൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ സബ് വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നു. ബാക്കി വരുന്ന 4% അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഫലത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഹ്രസ്വകാല കാർഷിക വിള വായ്പകൾ എടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പൂർണ്ണമായും പലിശയിളവ് ലഭിക്കുന്നതാണ്. നെൽ കർഷകർക്ക് നെൽ കൃഷി ചെയ്യുന്നതിനായി ഇപ്പോൾ തന്നെ പലിശ രഹിത വായ്പാ പദ്ധതി നിലവിലുണ്ട്. ഇതു കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വിതരണം |

ചെയ്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ള കാർഷികേതര വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം പലിശ ഇളവ് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മാത്രവുമല്ല പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി തിരിച്ചടച്ചാൽ 1% ഇളവ് നൽകുന്നതിന് നിലവിൽ നിർദ്ദേശമുണ്ട്. വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കിലാണ് വിതരണം ചെയ്തു വരുന്നത്. എന്നിരുന്നാലും നാലര ലക്ഷം രൂപാവരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾക്കായി 2009-10 വർഷം മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീമിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്താത്തത് സഹകരണ ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പ ആകർഷകമല്ലാതാക്കുകയും സഹകരണ ബാങ്കുകളിലെ വിദ്യാഭ്യാസ വായ്പ വിതരണത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പലിശ സബ്സിഡി ആനുകൂല്യം സഹകരണ ബാങ്കുകൾ വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പകൾക്കുകൂടി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ